# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്-678001

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി15/1827/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ

നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി15/1827/23 തീയ്യതി: 22/12/2023

# പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 10-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ

റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 21-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 21-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രീത.യു, ഓഡിറ്റ് ഓഫീസർ

നസീറാബാനു.എ സീനി.ഗ്രേഡ് ഓഡിറ്റർ

അന ।ല.സ ।.എസ സ്ാന ।.ഗ്രേഡ ഓഡ ।റ്റര
ബേബി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാധമുരളി | പ്രസിഡന്റ് | 01-04-2022 | 17-12-2022 |
| ശ്രീ.പൗലോസ് മാസ്റ്റർ | പ്രസിഡന്റ് | 18-12-2022 | 06-02-2023 |
| ശ്രീമതി.കേരളകുമാരി.കെ.എം | പ്രസിഡന്റ് | 07-02-2023 | 31-03-2023 |
| ശ്രീ.ബാബു.ഒ.എ | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ.ഹരിമോഹൻ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കൃഷ്ണകുമാരൻ.എം.വി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി.പ്രവീണ | ഹെഡ്മിസ്ട്രസ് | 01-06-2022 | 31-03-2023 |
| ശ്രീമതി.സിനി.കെ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഉണ്ണിരാം.എ.എച്ച് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ജിമ്മി ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 16-08-2022 |
| ശ്രീ.ശിവദാസൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2022 | 31-03-2023 |
| ഡോ.ചിത്രിമ ശീതൾ.സി.ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സുമയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ഹജീഷ്.പി.സി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.പ്രവീൺ.കെ.പി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രിയങ്ക.എൽ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-07-2022 |
| ശ്രീ.സതീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2022 | 03-08-2022 |

| | | | |
|---|---|---|---|
| ശ്രീ.കെവിൻ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2022 | 31-03-2023 |
| ശ്രീമതി അജ്ജുന.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 05-06-2022 |
| ശ്രീമതി ശ്രീലത എം.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-06-2022 | 22-07-2022 |
| ശ്രീ അരുൺ കുമാർ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-07-2022 | 30-12-2022 |
| ശ്രീമതി ഉമൈബ. എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-12-2022 | 31-03-2023 |
| ശ്രീമതി രേണുകാദേവി.ആർ | അസി. സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീ രാംദാസ്.ടി.എൻ. | അസി. സെക്രട്ടറി | 21-10-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | Capital Work In Progress-ബാലൻസ് ഷീറ്റിൽ മൂല്യം കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-5 |
| 7 | CFC – നീക്കിയിരുപ്പ് വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | MGNREGS-വാർഷിക കണക്ക്, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ ,എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരുപ്പ് - വിശദവിവരം ലഭ്യമല്ല | 1-1-9 |
| 11 | വരവ് ഹെഡ്ഡ് മാറി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-10 |

| | | |
|---|---|---|
| 12 | ബാങ്ക് ബുക്ക് ,റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | പലിശ തെറ്റായ ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-12 |
| 14 | തൻ വർഷത്തെ വാടകയിനത്തിൽ പിരിച്ചെടുത്ത വാർഷികകണക്കിലെ തുകകളും,രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | RP-35 Other Liabilities തുകയിൽ ഇരട്ടിപ്പ് | 1-1-14 |
| 16 | Prior Period Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ് | 1-1-15 |
| 17 | ഡിമാന്റുകൾ ഉത്തവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-16 |
| 18 | വിവിധ ഡെപ്പോസിറ്റുകൾ- അപാകങ്ങൾ | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 28 | കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-11-1 |
| 29 | മൊബൈൽ ടവറുകളുടെ ഡി.ജി റൂമുകൾക്ക് വസ്തുനികുതി കുറവായി അടവാക്കി | 1-11-2 |
| 30 | രസീതിയാക്കുന്നതിൽ കാലതാമസം | 1-11-3 |
| 31 | വസ്തുനികുതി പരിഷ്ക്കരണം 2023 | 1-11 |
| 32 | വിനോദ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 33 | ലേലതുകയിലെ വരവിൽ കൃത്യതയില്ല | 1-13 |
| 34 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-14 |
| 35 | ആയുർവേദം ചെലവു രേഖകൾ ലഭ്യമായിട്ടില്ല | 1-15 |
| 36 | ഗാർബേജ് കളക്ഷൻ - ഇലക്ട്രിക്ക് റിക്ഷ വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി -ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല | 1-16 |
| 37 | തെരുവ് വിളക്ക് പരിപാലനം- കാര്യക്ഷമമാക്കേണ്ടതാണ് | 1-17 |
| 38 | മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ -മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ് | 1-18 |
| 39 | നിലാവ്- എ. എം. സി - കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ഈടാക്കേണ്ടതാണ് | 1-19 |
| 40 | എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 41 | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല | 1-21 |

| | | |
|---|---|---|
| 42 | എസ് എസ് കെ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 43 | ഭിന്നശേഷി സ്കോളർഷിപ്പ് - അർഹതപ്പെട്ട തുക ഉറപ്പുവരുത്തേണ്ടതാണ് | 1-23 |
| 44 | അമൃതം ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ചെയ്തില്ല | 1-24 |
| 45 | ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല | 1-25 |
| 46 | മാലിന്യസംസ്കരണ ഉപാധികൾ ലഭ്യമാക്കി വിതരണം നടത്തിയിട്ടില്ല | 1-26 |
| 47 | പി എം എ വൈ- വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 48 | പരുത്തിപ്പുള്ളി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - 2019-20 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെയായും പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടില്ല | 1-28 |
| 49 | ആസ്തികൾ പദ്ധതികളിൽ വിഭാവനം ചെയ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്കായി ലഭ്യമായ ഫണ്ടുകളുടെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് -തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Annual Financial Statements | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2/25-07-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ

തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്ന. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം: പാലക്കാട്
തീയതി: 22-12-2023

## 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2861060 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26094872രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കി ILGMSഉമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation, B-11(E)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-4 Capital Work In Progress-ബാലൻസ് ഷീറ്റിൽ മൂല്യം കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം പാർട്ട് ബില്ലുകൾ ഉണ്ടായിരിക്കെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം B-11(B)-Capital Work In Progress – മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-1-5 Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല

Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല. 2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരമുള്ള മൂല്യം തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 CFC – നീക്കിയിരുപ്പ് വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം

CFC – ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3, ഇൻകം &എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 എന്നിവ പ്രകാരം ആകെ ചെലവ് 7880813/-രൂപയാണ്. ചെലവ് പത്രിക പ്രകാരം ആയത് 7844943/-രൂപയാണ്. (വ്യത്യാസം - 35870/-) നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-17 ,RP Schedule 40(B) എന്നിവ പ്രകാരം 3500319/- ആണ്. എന്നാൽ ഷെഡ്യൂൾ B-4 പ്രകാരം ആയത് 3394506/-രൂപയാണ്.(Basic Tax Grant – 1912437, Tied Grant – 1482069).

RP Schedule 40(B) , ഷെഡ്യൂൾ B-4 എന്നിവ തമ്മിൽ നീക്കിയിരുപ്പിലുള്ള വ്യത്യാസമായ 105813/-രൂപ പലിശ, ബാങ്ക് ചാർജസ് എന്നിവ ഷെഡ്യൂൾ B-4 ഹെഡ്ഡിൽ ഉൾപ്പെടുത്താത്തതിനാലാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം-5/15.11.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

## <u>1-1-7 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി 2016-17 സാമ്പത്തിക വർഷം 2092500/-രൂപ തൃശൂർ PWD Electrical Wing ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. (അസി.എഞ്ചിനീയർ ഓഡിറ്റ് അന്വേഷണത്തിന്-20/18.11.23-മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ) തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലാത്തതിനൽ ആയത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- Advance To Implementing Agenciesഎന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

## <u>1-1-8 MGNREGS-വാർഷിക കണക്ക്, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യു രജിസ്റ്റർ ,എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല</u>

MGNREGS - I-6 + B3ൽ ഉൾപ്പെടുത്തിയ ആകെ ചെലവ് (ഭരണപരമായ ചെലവുകൾ + EFMSകൃത്യമാണെങ്കിലും I-14(C) ഷെഡ്യൂൾ പ്രകാരമുള്ള EFMSചെലവ് കൃത്യമല്ല. (22835841/-).യഥാർത്ഥ EFMSചെലവ് 27675346/-രൂപ ആണ്.

MGNREGS അഡ്വാൻസ് – വാർഷിക കണക്ക്, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ ,എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

- MGNREGS ചെക്ക് ഇഷ്യൂ രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1385153 |
| അഡ്വാൻസ് നൽകിയത് | 1459868 |
| ആകെ | 2845021 |
| റീകൂപ് ചെയ്യത് | 432761 |
| നീക്കിയിരുപ്പ് | 2412260 |

അഡ്വാൻസ് നൽകിയത് - RP 49 ഷെഡ്യൂളിൽ (Loans,Advances & Deposits) ൽ ഉൾപ്പെടുത്തിയിട്ടുള്ളത് 1314192/- ആണ്. ബാലൻസ് ഷീറ്റ് B-18 പ്രകാരം ക്രമീകരിക്കുവാനുള്ള തുക 1027107/- ആയും ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം-5/15.11.23)

## 1-1-9 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരുപ്പ് - വിശദവിവരം ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭ്യമായ താഴെ പറയുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം, മറ്റ് ബാദ്ധ്യതകൾ എന്നിവ വിനിയോഗിക്കാതെ

നീക്കിയിരുപ്പായി അവശേഷിക്കുന്നു. പ്രസ്തുത തുകകളുടെ വിശദവിവരം തുടർ വിനിയോഗം/ തിരിച്ചടവ് വിവരം, നീക്കിയിരുപ്പ് നിലനിൽക്കുന്ന അക്കൗണ്ടിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം-24/20.11.23)

| ക്രമ നം | കോഡ് | ഹെഡ് | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 27283 |
| 2 | 320400199 | Grants,Funds& Contributions For Specific Purposes- Other Financial Institutions | 482150 |
| 3 | 320100999 | Other Liabilities | 1475 |
| 4 | 320800101 | Beneficiary Contribution | 63932 |

ക്രമ നം-1, 2, 4 പ്രകാരമുള്ള തുകകൾ 2021-22 വാർഷിക കണക്ക് B-4 Schedule അനുസരിച്ച് നീക്കിയിരുപ്പായി അവശേഷിക്കുന്നവയാണ്.

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017/ഫിൻ/തീയതി 23.01.2017 പ്രകാരം പ്രൊജക്ട്

നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. (മേൽ പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

## 1-1-10 വരവ് ഹെഡ്ഡ് മാറി രേഖപ്പെടുത്തിയിരിക്കുന്നു

Head Code-150120102-Recepits From Sale Of Scrap /Empties And Waste Materials -7080 രൂപ രസീത് &പേമെന്റ് ഷെഡ്യൂളിൽ ഹെഡ്ഡ് മാറി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(26/21.11.2023) ലഭ്യമാക്കിയ മറുപടിയിൽ ടി തുകയിൽ 3540/ രൂപ തൊഴിൽ നികുതിയിനത്തിൽ ഹെഡ് മാറിയതാണെന്നും, ബാലൻസ് 3540 രൂപ മാത്രമാണ് ബാരൽ വിലയായി ഈടാക്കിയതെന്നും അറിയിച്ചിരിക്കുന്നു.

## 1-1-11 ബാങ്ക് ബുക്ക് ,റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല

Punjab National Bank Peringottukurissi (4337000100127699)

| തീയതി | ബാങ്ക് ബുക്ക് പ്രകാരം | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| 28.02.2023 | 3738075 | 3793594 |

ഈ വ്യത്യാസത്തിന് കാരണമായ 55519 രൂപ 10.2.2023 തീയതിയിൽ വൌച്ചർ നം 32200282 പ്രകാരം ചെക്ക് Orക്യാഷ് ഡെപ്പോസിറ്റഡ് തരത്തിൽപ്പെടുന്നതാണെന്ന് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പാസ് ബുക്കിൽ ടി തുക ഉൾപ്പെട്ടതായി കാണുന്നില്ല. ഇപ്രകാരം വ്യത്യാസം സംഭവിച്ചതിന് ലഭ്യമാക്കിയ വിശദീകരണത്തിൽ (എൻകചയറി നം. 26/20.11.2022) ടി തുക തെറ്റായി അക്കൌണ്ട് മാറി കെഡ്രിറ്റായതിനാൽ സംഭവിച്ച് പോയതാണെന്നും തുക മാർച്ച് മാസത്തിൽ ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ടി തുക ക്രമീകരിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-1-12 പലിശ തെറ്റായ ഹെഡ്ഡിൽ ഉൾപ്പെടുത്തി

ഇൻവെസ്ററ്മെന്റ് ഇല്ലാതിരിക്കെ I-7 Schedule പ്രകാരം Income From Other Investments (Interest)-70210 രൂപയായി ഉൾപ്പെടുത്തിയിരിക്കുന്നു. (Code- 170100199)

## 1-1-13 തൻ വർഷത്തെ വാടകയിനത്തിൽ പിരിച്ചെടുത്ത വാർഷികകണക്കിലെ തുകകളും,രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| രജിസ്റ്റർ പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| Current-560014 | 431400101-Rent Receivables From | 8047 |

| | | |
|---|---|---|
| Deposit Adjustment-6050<br>Total=566064 | Buildings(Current)-558,017.00 | |

ഇപ്രകാരം കുറവ് വന്നതുക ഡെപ്പോസിറ്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെന്നാണ് പഞ്ചായത്ത് ഇതു സംബന്ധിച്ച എൻകയറിയ്ക്ക്( 9/15.11.2023)നൽകിയ വിശദീകരണം. എന്നാൽ ഡെപ്പോസിറ്റിൽ നിന്നും കുറവ് ചെയ്ത വിവരങ്ങളോ, രസീതിയാക്കിയ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-14 RP-35 Other Liabilities തുകയിൽ ഇരട്ടിപ്പ്**

RP-35 Other Liabilities ( R) Head Code-350109999 Amount Payable To Other Creditors =-309965 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലെഡ്ജറിൽ ടി തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ നെഗറ്റീവ് വരവായി രേഖപ്പെടുത്തിയതിന് ലഭ്യമാക്കിയ വിശദീകരണത്തിൽ (എൻകയറി-26/21.11.2023) മാർച്ചിലെ തിരക്കിനിടയിൽ ഒരു തുകയിൽ ഡബ്ലിങ് വന്നതിനാൽ ഇപ്രകാരം സംഭവിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്.

**1-1-15 Prior Period Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്**

Prior Period Expenditure– I-18 ഷെഡ്യൂൾ പ്രകാരം– -75674/-, RP-25 ഷെഡ്യൂൾ പ്രകാരം -79850/- രൂപയുമാണ്.

## 1-1-16 ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

## 1-1-17 വിവിധ ഡെപ്പോസിറ്റുകൾ- അപാകങ്ങൾ

താഴെ കൊടുത്തിട്ടുള്ള വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലെ തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയിൽ വാർഷിക ധനകാര്യപത്രികയിൽ അപാകങ്ങൾ കാണുന്നു. ടി ഇനങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ഇനം | ഹെഡ് കോഡ് | അപാകങ്ങൾ |
|---|---|---|
| സപ്ലയേഴ്സ് സെക്യൂറിറ്റി ഡെപ്പോസിറ്റ് | 340100202 | 31000 രൂപയുടെ വരവുണ്ട്. ആയത് 340100101 എന്ന ഹെഡിൽ കോൺട്രാക്ടേഴ്സ് EMD എന്ന ഇനത്തിൽ വരവായി ഹെഡ് മാറി രേഖപ്പെടുത്തിയിരിക്കുന്നു, |
| | | |

| | | |
|---|---|---|
| കോൺട്രാക്ടേർസ് റിട്ടൻഷൻ | 340100301 | വാർഷിക ധനകാര്യപത്രിക പ്രകാരം<br>മുന്നിരിപ്പ് - 212481<br>വരവ് - 40049<br>ആകെ 252530<br>ചെലവ് - 100866<br>യഥാർത്ഥത്തിൽ നീക്കിയിരിപ്പായി വരേണ്ടതുക -151664<br>എന്നാൽ AFS ലെ B-7 പ്രകാരം നീക്കിയിരിപ്പ് 200071<br>48407 രൂപയുടെ വ്യത്യാസമുണ്ട് |
| റെന്റ് ഡെപ്പോസിറ്റ് | 340200101 | വാർഷിക ധനകാര്യപത്രികയിൽ ഈ വർഷത്തിൽ വരവും, ചെലവുമില്ല.<br>എന്നാൽ മുന്നിരിപ്പ് 68495 |

| | | |
|---|---|---|
| | | രൂപയും, നീക്കിയിരിപ്പ് 60448 രൂപയുമാണ്. 8047 രൂപയുടെ ചെലവ് വാർഷികധനകാര്യ പത്രികയിൽ വന്നിട്ടില്ല. |

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ഓരോ ഇനങ്ങളിലെ മുന്നിരിപ്പ് , വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം-20/21.11.23-മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-2 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 26.03.2022 തീയതിയിലെ യോഗ തീരുമാനം നം. 1/1പ്രകാരവും 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റിൽ മുൻബാക്കി കണക്കിലെടുത്തിട്ടില്ല.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം വരവ് | 254153000 |
| ചെലവ് | 250821600 |
| നീക്കിയിരിപ്പ് | 3331400 |

ധനകാര്യ സ്ഥിരം സമിതിയുടെ 10.02.23 ലെ തീരുമാനം നമ്പർ 4 പ്രകാരവും,പഞ്ചായത്ത് ഭരണ സമിതിയുടെ 25-02-23 തീയതിയിലെ യോഗ

തീരുമാനം നം. 11/1 പ്രകാരവും ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 9077642 |
| തൻവർഷം വരവ് | 263650000 |
| ആകെ | 272727642 |
| ചെലവ് | 267008700 |
| നീക്കിയിരിപ്പ് | 5718942 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13976099 |
| വരവ് | 33243923 |
| ആകെ | 47220022 |
| ചെലവ് | 30382863 |
| നീക്കിയിരിപ്പ് | 16837159 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 16979000 | 16979000 | 15440640 | 1538360 |
| വികസനഫണ്ട് - എസ്.സി.പി | 0 | 12669000 | 12669000 | 11338984 | 1330016 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 14712000 | 14712000 | 11019954 | 3692046 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4913000 | 4913000 | 4070781 | 842219 |
| CFC-ടൈഡ് ഗ്രാന്റ്-ബാങ്ക് | 344251 | 4684000 | 5028251 | 3546182 | 1482069 |
| CFC-ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 459063 | 459063 | 375611 | 83452 |
| CFC-അൺടൈഡ് ഗ്രാന്റ്-ബാങ്ക് | 2118310 | 3174514 | 5292824 | 3380387 | 1912437 |
| CFC-അൺടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 711926 | 711926 | 578633 | 133293 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1023047 | 1449750 | 2472797 | 1300162 | 1172635 |
| ശുചിത്വ മിഷൻ | 1147492 | 229338 | 1376830 | 368604 | 1008226 |

## പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 48208 | 0 | 48208 | 0 | 48208 |
| Health Grant(Diagnostic Infrastructure To PHCs) | 0 | 786302 | 786302 | 510061 | 276241 |
| Health Grant( Towards Conversion Of PHCs & Subcentres Into Health & Wellness Centres) | 0 | 165108 | 165108 | 0 | 165108 |
| Ayush Mission | 0 | 467949 | 467949 | 0 | 467949 |

## സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 300000 | 0 | 300000 | 300000 | 0 |

2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക്, അപ്രോപ്രിയേഷൻ, ചെലവ് പത്രിക എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.CFC – ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3, ഇൻകം &എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 എന്നിവ പ്രകാരം ആകെ ചെലവ് 7880813/-രൂപയാണ്. ചെലവ് പത്രിക പ്രകാരം ആയത് 7844943/-രൂപയാണ്. (വ്യത്യാസം - 35870/-) നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് B-17 ,RP Schedule 40(B) എന്നിവ പ്രകാരം 3500319/- ആണ്. എന്നാൽ ഷെഡ്യൂൾ B-4 പ്രകാരം ആയത് 3394506/-(Basic Tax Grant – 1912437, Tied Grant – 1482069).

RP Schedule 40(B) , ഷെഡ്യൂൾ B-4 എന്നിവ തമ്മിൽ നീക്കിയിരുപ്പിലുള്ള വ്യത്യാസമായ 105813/-രൂപ പലിശ, ബാങ്ക് ചാർജ്ജസ് എന്നിവ ഷെഡ്യൂൾ B-4 ഹെഡ്ഡിൽ ഉൾപ്പെടുത്താത്തനിലാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം-5/15.11.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

2. Health Grant( Towards Conversion Of PHCs & Subcentres Into Health & Wellness Centres)- RP-30 Schedule പ്രകാരം വരവ് 165108/- രൂപയും, ഷെഡ്യൂൾ B-4 പ്രകാരം നീക്കിയിരുപ്പ് 633057/-രൂപയും ആണ്. യഥാർത്ഥ വരവ് 165108/- രൂപ ആണെങ്കിലും, ഷെഡ്യൂൾ B-4 പ്രകാരമുള്ള ഹെഡ്ഡിലേക്ക് Ayush Mission ഗ്രാന്റിനത്തിലുള്ള വരവായ 467949/-രൂപ കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 201 | 119766780 | 164 | 58317020 | - | 37 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 82% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 49% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 8857000 | 6851580 | 77 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2100000 | 1500000 | 71 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 1362933 | 846126 | 62 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 310000 | 309928 | 99.9 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 260000 | 260000 | 100 |
| വി.ഇ.ഒ | 16 | 11 | 35270380 | 5450333 | 15 |
| ഐ.സി.ഡി.എസ് സൂപ്പർവൈവസർ | 9 | 7 | 5748840 | 4073851 | 71 |
| സെക്രട്ടറി | 27 | 24 | 7278159 | 5448187 | 75 |
| അസി.സെക്രട്ടറി | 12 | 10 | 6056100 | 4699219 | 78 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 110 | 86 | 50712502 | 27438702 | 54 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 675000 | 320000 | 47 |
| ഹെഡ്മാസ്റ്റർ | 5 | 5 | 1135866 | 1119094 | 99 |
| ആകെ | 201 | 164 | 119766780 | 58317020 | 49 |

നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ യുടെ ചെലവ് 15ശതമാനം മാത്രമാണ്.

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 96396 | 1002786 | 1099182 | 531150 | 568032 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 27675346 | 27675346 | 27675346 | 0 |
| ആകെ | 96396 | 28678132 | 28774528 | 28206496 | 568032 |

MGNREGS - I-6 + B3 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയ ആകെ ചെലവ് (ഭരണപരമായ ചെലവുകൾ + EFMS) കൃത്യമാണെങ്കിലും I-14(C) ഷെഡ്യൂൾ പ്രകാരമുള്ള EFMS ചെലവ് കൃത്യമല്ല. (22835841/-) വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5833200 | 221 |
| 2 | വിധവാ പെൻഷൻ | 13194200 | 815 |
| 3 | വാർദ്ധക്യകാല പെൻഷൻ | 20915200 | 1835 |
| 4 | വികലാംഗ പെൻഷൻ | 3726800 | 193 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1359400 | 80 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2023തീയ്യതിയിൽ 3.00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 9348/-

(ഒമ്പതിനായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് ) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 17.09.2022 പ്രാബല്യത്തിൽ 9.09.2025 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2021ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

ILGMS സംവിധാനം 4/2022 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS സംവിധാനത്തിലൂടെയാണ്. അക്കൗണ്ടിംഗ്, ഫയൽഫ്ലോ എന്നിവയും ILGMS മുഖേനയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരംസൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്

എന്നാൽ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്, പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ അപൂർണ്ണമാണ്.

14-ാം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളുടെ അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട്.

<u>പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം</u>

എല്ലാ പർച്ചേസുകളും പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളതെങ്കിലും അവയിൽ പലതിലും പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

<u>ആസ്തി പരിപാലനം</u>

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ആസ്തി വിവരം കാലികമാക്കൽ

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ , കൾവർട്ടുകൾ, ഡ്രെയ്നേജുകൾ എന്നിവ ഉൾപ്പെടെയുള്ള ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ച് ആയതിന്റെ വെരിഫിക്കേഷൻ ,ഡിജിറ്റലൈസേഷൻ നടപടികൾ നടപ്പാക്കി വരുന്നുണ്ട്.

പഞ്ചായത്തിലെ വിവിധ ആസ്തികൾ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് തുടർ മോണിട്ടറിങ്ങ് സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23.11.15 മുതൽ 5.12.15വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 11.01.16ന് സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 27-01-2022 ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ 12/2021, 1/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് 6.07.22ന് ലഭ്യമായിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11-1 കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 45 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്.സഞ്ചയ ഡേറ്റ ബേസ് പരിശോധിച്ചതിൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വിവിധ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന

ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് വിലാസം | അസ്സ്മെന്റ് തരം | കെട്ടിട നം | സഞ്ചയ പ്രകാരം വിസ്തീർണ്ണം |
|---|---|---|---|---|
| 1 | കെ.പി.ശശികുമാർ | ARV | 2/330 | 286 |
| 2 | രാജകൃഷ്ണൻ,വിനോദ് കുമാർ | ന്യൂ | 2/932 | 102 |
| 3 | അബ്ദുൾറഹ്മാൻ | ന്യൂ | 12/544 | 123.4 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (23/18.11.2023) മറുപടി നൽകിയിട്ടില്ല. ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ ക്രമീകരിച്ച് അടിസ്ഥാന നികുതിയിൽ മാറ്റം വരുത്തേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-11-2 മൊബൈൽ ടവറുകളുടെ ഡി.ജി റൂമുകൾക്ക് വസ്തുനികുതി കുറവായി അടവാക്കി

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് സർക്കുലർ നം.ആർ.ഡി3/94/2020തസ്വഭവ തീയതി 26.2.2022 പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് സഹായിക്കുന്ന ജനറേറ്റർ ,മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുത്ത് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.എന്നാൽ താഴെ

പറയുന്ന ഡി.ജി റൂമുകൾക്ക് മൊബൈൽ ടവറുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചിട്ടില്ല. പകരം ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ എന്നിവയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതിനാൽ അടിസ്ഥാനികുതിയിൽ കുറവ് സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉടമ | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തു നികുതിയിലെ കുറവ് രൂപയിൽ |
|---|---|---|---|---|
| 5/709 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 3.5x45=157.50 | 3.5x500=1750 | 1592/-<br>(1750−158) |

| | | | | |
|---|---|---|---|---|
| 5/710 | ,, | 2.92x45=131.4 | 2.92 X500=1460 | 1329/- (1460−131) |
| 6/553 | ഇൻഡസ് ടവ്വേർസ് ലിമിറ്റഡ് (മണിയമ്പാറ) | 18x45=810 | 18x500=9000 | 8190/- (9000−810) |

ഇതു സംബന്ധിച്ച എൻകചയറിയ്ക്ക് (23/18.11.2023) മറുപടി നൽകിയിട്ടില്ല.ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ ക്രമീകരിച്ച് അടിസ്ഥാന നികുതിയിൽ കുറവ് പരിഹരിച്ച് വ്യവസ്ഥകൾക്ക് അനുസരിച്ച് നികുതി നിർണ്ണയം നടത്തേണ്ടതാണ്.കൂടാതെ കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-3 രസീതിയാക്കുന്നതിൽ കാലതാമസം

രസീതിയാക്കുന്നതിൽ കാലതാമസം

എ)).Punjab National Bank -4337000100145428

| തുക | പാസ്ബുക്ക് പ്രകാരം തുക ബാങ്കിൽ വന്ന തീയതി | ബാങ്ക് ബുക്കിൽ രസീതി രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 17949 | 9.11.2022 | 1220000227/ 31.3.2023/467949. |
| 450000 | 16.12.2022 | |

ബി).Punjab National Bank -4337000100145437- Health Grant For Support For Diagnostic Infrastructure-

| തുക | പാസ്ബുക്ക് പ്രകാരം തുക ബാങ്കിൽ വന്ന തീയതി | ബാങ്ക് ബുക്കിൽ രസീതി രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 93303 | 27.9.2022 | 1220000228 / 31.3.2023/114236. |
| 20933 | 4.11.2022 | |
| 1838 | 9.12.2022 | 1220000229/ 31.3.2023/ 4401. |
| 2105 | 03.03.2023 | |
| 458 | 10.9.2022 | |

ഒരു മാസത്തിന്റെ അവസാനം എല്ലാ ബാങ്ക് അക്കൌണ്ടുകളും പരിശോധിച്ച് ക്യാഷ് അടിസ്ഥാനത്തിൽ ലഭ്യമായ എല്ലാ വരവുകളും ഉൾപ്പെടുത്തി റസീത് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിൽ ചേർക്കേണ്ടതാണ്.ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തിയത് വളരെ വൈകിയായതിനാൽ ആഗസ്റ്റ് മാസം മുതൽ ടി വരവ് റസീത് ആൻഡ് പേയ്മെന്റ് ഷെഡ്യുളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അക്കൌണ്ട്സ് ചട്ടം 60 പ്രകാരമുള്ള പ്രതിമാസ രസീത് ആൻഡ് പേയ്മെന്റിൽ ടി തുക ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച എൻകചയറിയ്ക്ക്(26/20.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഉത്തരവുകൾ വൈകി വരുന്നതുമൂലമാണ് തുകകൾ രസീതി ചെയ്യുന്നതിൽ കാലതാമസം വന്നതെന്ന് അറിയിച്ചിരിക്കുന്നു. ഓരോ

അക്കൌണ്ടും പ്രത്യേക നിർദ്ദേശങ്ങൾ/ആവശ്യങ്ങൾ അനുസരിച്ചാണ് രൂപീകരിച്ചിട്ടുള്ളതെന്നിരിക്കെ ആ അക്കൌണ്ടിൽ വന്ന തുകകളുടെ ഉറവിടം തിരിച്ചറിയുന്നത് പ്രയാസമുള്ള കാര്യമല്ല. തുകയുടെ ഉറവിടത്തിനനുസരിച്ച് തൊട്ടടുത്ത മാസം തന്നെ രസീതിയാക്കി ,ടി വിവരം ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുന്ന പ്രതിമാസ വരവ് ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-11 വസ്തുനികുതി പരിഷ്ക്കരണം 2023

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന

ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്ക്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്.

**<u>വസ്തു നികുതി പരിഷ്ക്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ</u>**

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 30.07.2023 ലെ 2-ാം നമ്പർ ശുപാർശയോടെ ഭരണസമിതിയുടെ 14.08.2023 ലെ 7(1) നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ

അംഗീകരിക്കുകയും ആയത് പ്രകാരം വസ്തുനികുതി പരിഷ്ക്കരണനിരക്കുകളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നടപ്പാതകളെ മേഖലകളായും അന്തിമമായി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22.08.2023 ന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

**<u>വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം</u>**

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തിയിട്ടുണ്ട്.നിലവിൽ കെട്ടിടങ്ങൾക്ക് പുതുക്കിയനിരക്ക് പ്രകാരമുള്ള (2023ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേഷൻ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

96 കെട്ടിടങ്ങളുടെ 9 B ഫോം സ്വമേധയ ലഭ്യമാക്കിയിട്ടുണ്ട്.

01.04.2023 ന് മുൻപ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ (ഫോം-6) വസ്തു നികുതി പരിഷ്ക്കരണത്തിനു മുൻപുള്ളതും ശേഷമുള്ളതും പ്രത്യേകമായി സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല.

**<u>ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം</u>**

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി നിശ്ചിതയോഗ്യതയുള്ളവരെ നിയോഗിച്ചിട്ടുണ്ട്, കൂടാതെ 4 വാർഡിലെ ക്രമീകരണം പൂർത്തിയായിട്ടുണ്ട്, എന്നതാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (2/13.11.2023) നൽകിയ മറുപടി.

ഗ്രാമപഞ്ചായത്തിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി-22.03.2023) പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്ക്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 വിനോദ നികുതി ഈടാക്കിയിട്ടില്ല

31.8.2019ലെ തദ്ദേശ സ്വയംഭരണ ആർ.ഡി വകുപ്പിന്റെ സ.ഉ(കൈ) 112/2019ഉത്തരവ് പ്രകാരം സിനിമ തിയേറ്ററുകൾക്ക് വിനോദ നികുതി ഈടാക്കണമെന്ന്

നിഷ്കർഷിക്കുന്നു. ആയതു പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% നികുതിയും, 100രൂപയിൽ കൂടുതൽ ഉള്ള ടിക്കറ്റുകൾക്ക് 8.5% നികുതിയും ഈടാക്കണമെന്നും , ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3 തീയതിയ്ക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ അടവാക്കണമെന്നും ഉത്തരവായിട്ടുണ്ട്.

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സി.കെ.എം മൂവിസ് എന്ന സ്ഥാപനം തൊഴിൽ നികുതി അടവാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ വിനോദ നികുതിയിനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (3/14.11.2023 ) ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതുവരെയായിട്ടും സി.കെ.എം.മൂവീസ് വിനോദ നികുതി അടവാക്കിയിട്ടില്ലെന്നും നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. 01-01-2022 മുതൽ കോവിഡിന്റെ പശ്ചാത്തലത്തിൽ വിനോദ നികുതിയിൽ നൽകിയ ഇളവുകൾ നിർത്തലാക്കിയിട്ടുണ്ട്. ആയതിനാൽ അടവാക്കാത്ത വിനോദ നികുതി ജി.എസ്.ടി റിട്ടേൺ പ്രകാരമുള്ള കളക്ഷന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലേലതുകയിലെ വരവിൽ കൃത്യതയില്ല

തൻ വർഷത്തെ റസീറ്റ് ആൻഡ് പേയ്മെന്റിൽ വരവായി സ്വീകരിച്ചിരിക്കുന്ന Head Code-150120103-Recepits From Auction Of Obsolete Assets -4600 രൂപ എന്നിവയുടെ

കൃത്യത തെളിയിക്കുന്ന രേഖകൾ ഓഡിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(26/21.11.2023) ലഭ്യമാക്കിയ മറുപടിയിൽ 1220105110നമ്പർ രസീതി പ്രകാരം 18.1.2023 തീയതിയിൽ അടവാക്കിയ തുകയെന്ന് അറിയിച്ചിട്ടുണ്ട്. ടി തുകലേലയിനത്തിൽ നിസാർ എന്നവ്യക്തി അടവാക്കിയിരിക്കുന്നതാണെന്ന് മേൽ രസീതി പ്രകാരം വ്യക്തമാകുന്നുണ്ട്. എന്നാൽ കെ.എഫ് .സി വാല്യം I ആർട്ടിക്കിൾ 156A പ്രകാരമുള്ള (സർക്കാർ പൊതുലേല വ്യവസ്ഥകൾ) രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.കൂടാതെ കെ.എഫ്.സി വാല്യം 2 ലെ ഫോറം നം.20 പ്രകാരമുള്ള ലേല രജിസ്റ്ററിൽ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചതായ വിവരങ്ങൾ ലഭ്യമല്ല.

ആയതിനാൽ പ്രസ്തുത തുകയുടെ കൃത്യത ഓഡിറ്റിന് വ്യക്തമായിട്ടില്ല.സ്വീകരിക്കുന്ന വരവുകൾ സൂക്ഷ്മതയോടെ അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-14 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22 വർഷത്തെ AFS ലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലെ തുകകൾ ക്രമീകരിക്കാതെ അതേ പ്രകാരം 2022-23 വർഷത്തെ AFS ബാലൻസ്ഷീറ്റ് ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Temporary Advance For Official Purposes | 1,947,544 |
| Advance To Others | 686,330 |
| Advance To Implementing Officers | 40000 |

ടി തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. 29/21.11.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. മേൽ തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ആയുർവേദം ചെലവു രേഖകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട്- | S0069/23- ആയുർവേദ ഡിസ്പെൻസറി കണ്ടിൻജൻസി ചെലവുകൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) |
| അടങ്കൽ | 10000രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ആകെ ചെലവ് | 9928 |
| ലഭ്യമാക്കാത്തചെലവ് വിവരങ്ങൾ | ബിൽ നം./ വൌച്ചർ നം./ തുക<br>4/22-23/42200914 /730 |

| | |
|---|---|
| തീയതി- | 26-10-2022 |

ഹാജരാക്കിയ വൌച്ചർ പരിശോധിച്ചതിൽ ആകെ 9198രൂപയുടെ ചെലവ് രേഖ മാത്രമാണ് ലഭ്യമാക്കിയത്. ചെലവുരേഖകൾ പ്രകാരം 26-10-2022 തീയതിയിൽ വൌച്ചർ 42200914 നമ്പറിൽ 730രൂപ (9928-9198)സാംഖ്യ, ട്രഷറി ബിൽ ബുക്ക് എന്നിവ പ്രകാരം ചെലവ് ചെയ്യതായി കാണുന്നുണ്ടെങ്കിലും ടി വൌച്ചർ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച എൻകായറിയ്ക്ക് (13/18.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വൌച്ചർ രേഖകൾ, ഇതുസംബന്ധിച്ച വിശദീകരണം എന്നിവ ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് നടത്തിയിട്ടില്ലെന്ന് കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-16 ഗാർബേജ് കളക്ഷൻ - ഇലക്ട്രിക്ക് റിക്ഷ വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി -ടി.ഡി.എസ് കുറവ് ചെയ്യിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം./ പേര് | 24/23 ഇലക്ട്രിക്ക് ഗാർബേജ് കളക്ഷൻ റിക്ഷ വാങ്ങൽ |
| അടങ്കൽ | 180000 വികസന ഫണ്ട് (ജനറൽ) |

| | |
|---|---|
| | 420000 കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 137522 വികസന ഫണ്ട് (ജനറൽ)<br>320885 കേന്ദ്രാവിഷ്കൃത ഫണ്ട് |
| ബിൽ നമ്പർ / തീയതി | 1) 137522 – 54/31.3.23<br>2) 320885 (21.03.23 ലെ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ SBM(G) -708/20 നമ്പർ നടപടിക്രമം)<br>PFMS - Payment Advice No.C052345028703 |

ഗാർബേജ് കളക്ഷനു വേണ്ടി കൂട്ടുകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ Ape Xtra എന്ന ഇലക്ട്രിക് വാഹനം GeM മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| രജിസ്ട്രേഷൻ നമ്പർ | KL49P4274 |
| ഇൻവോയ്സ് നമ്പർ | MLP/6.1/096/17-3-23 |
| തുക (ടാക്സ് ഉൾപ്പെടെ) | 458407 |

1. 2017 ലെ സി.ജി.എസ്.ടി ആക്ട്/എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ, കരാറുകാരുടെ ബില്ലിൽ നിന്നും 2% ജി.എസ്.ടി -ടി.ഡി.എസ് കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രൊജക്ടിൽ 438194/- രൂപ (ടാക്സ് ഇല്ലാതെ) ചെലവിൽ വാഹനം വാങ്ങിയതിൽ GST-TDS സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.

2. വീൽസ്(VEELS) ഡാറ്റ ബേസ് പരിശോധിച്ചതിൽ ഈ വാഹനത്തിന്റെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് കണ്ടു. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 10/15-11-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വരും വർഷങ്ങളിൽ ഈ അപാകങ്ങൾ പരിഹരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകളിൽ, കരാറുകാരുടെ ബില്ലിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യുവാൻ വരും വർഷങ്ങളിൽ

ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് വാഹനങ്ങളുടെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയത് കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്ക് പരിപാലനം- കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തവയുടെ (Con.No 1167274000020) പ്രതിമാസ വൈദ്യുതി ചാർജ്ജ് 18842 രൂപ നിരക്കിൽ അടവാക്കി വരുന്നുണ്ട്.

2. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും ഓരോ വാർഡിലും ഉപയോഗിച്ചുവരുന്ന

ലാമ്പുകളുടെ എണ്ണം വ്യക്തമല്ല. തെരുവ് വിളക്ക് എഎംസി ഫയൽ പരിശോധിച്ചതിൽ നിലവിൽ ട്യൂബ് ലൈറ്റ്സെറ്റ്, ഡബിൾ ട്യൂബ് സെറ്റ്, സോഡിയം വേപ്പർ ലാമ്പ്, എൽ.ഇ.ഡി എന്നീയിനങ്ങളിൽ തെരുവ് വിളക്കുകൾ ഉപയോഗിച്ചു വരുന്നതായി കണ്ടു. ഇവ മാറ്റി LED സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

3.തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടുണ്ട്. 818 പോസ്റ്റുകൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പോസ്റ്റുകളുടെ എണ്ണത്തിനു ആനുപാതികമായി വൈദ്യുതി ചാർജ്ജ് അടവാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. 2022-23 ലെ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ, വൈദ്യുതി ചാർജ്ജ് എന്നീയിനങ്ങളിൽ ആകെ ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവ് തുക |
|---|---|
| തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ (എഎംസി) 13/23 | 250873 |
| | |

| | |
|---|---|
| മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 155/23 | 559634 |
| സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 158/23 | 199072 |
| നിലാവ് പദ്ധതി 156/23 | 97940 |
| തൻവർഷം ബിൽ രജിസ്റ്റർ പ്രകാരം മിനി മാസ്റ്റ് ഉൾപ്പെടെ വൈദ്യുതി ചാർജ്ജ്(ശരാശരി) | 1335988 |
| ആകെ ചെലവ് | 2443507 |

ഈ വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് വേണ്ടി ഏകദേശം 24.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് പ്രതിവർഷം വർദ്ധനവ് വരാതെ ആയത് കുറയ്ക്കുവാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 14/17-11-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മീറ്റർ സ്ഥാപിക്കാത്ത തെരുവ് വിളക്കുകളിൽ മീറ്റർ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും, ഭാവിയിൽ സോളാർ എനർജിയിലേക്ക് മാറുന്ന നടപടിയുമായി മുന്നോട്ടുപോവുന്നുവെന്നും അറിയിച്ചു.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കുകി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുതാണ്.

2.വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

3.തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ -മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| | |
|---|---|
| പ്രോജക്ട് നം./ പേര് | 155/23 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 800000 തനത് ഫണ്ട് |
| ചെലവ് | 559634 തനത്ഫണ്ട് |
| ബിൽ നമ്പർ / തീയതി | 559634 -387/31.03.23 വൌച്ചർ നമ്പർ -22200994/31.03.23 |

മേൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ 5 സ്ഥലങ്ങളിൽ 4 എണ്ണം വീതമുള്ള 150W LED Flood ലൈറ്റുകളോടുകൂടിയ 8 മീറ്റർ മിനിമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുവാൻ KEL മലപ്പുറം എന്ന സ്ഥാപനത്തെ പിഎംസിയായി തിരഞ്ഞെടുക്കുകയും, പ്രവൃത്തി നിർവ്വഹിക്കുവാൻ വിഷൻ ഇലക്ട്രിക്കൽസ് & ഇല്ക്ട്രോണിക്സ് തൃപ്പാളൂർ എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. 559634 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും താഴെ കൊടുത്തിട്ടുള്ള കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

I) മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം വരുന്ന അറ്റകുറ്റപ്പണികൾ , പരാതികൾ എന്നിവയ്ക്ക് അടുത്ത 3 വർഷത്തിന് കരാറുകാരൻ തുകകൾ ഈടാക്കാതെ നിർവ്വഹിക്കേണ്ടതാണ്. (Upto 31.03.2026)

Ii) തുടർന്നുള്ള 3 വർഷത്തിന് (1-4-2026 -31.03.2029) മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കായുള്ള ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിന് ആകെ

വന്നിട്ടുള്ള പദ്ധതിചെലവിന്റെ 10% ൽ അധികരിക്കാത്തതുക ചെലവഴിക്കാവുന്നതാണ്

5 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ് ലൈറ്റുകൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും, കേടുപാടുകൾ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 15/17-11-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

മിനിമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാണോ എന്ന് കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും അറ്റകുറ്റപ്പണികൾക്ക് മേൽ നിബന്ധനകൾ കർശ്ശനമായി പാലിക്കേണ്ടതുമാണ്.

## 1-19 നിലാവ്- എ. എം. സി - കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 156/23 നിലാവ് പദ്ധതി - എഎംസി |
| അടങ്കൽ | 98000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 97940-വികസന ഫണ്ട് (ജനറൽ) |

| | |
|---|---|
| ബിൽ നമ്പർ / തീയതി | 55/31.03.23- 75561 (14940+60621)<br>56/31.03.23 - 22379 |

നിലാവ് പദ്ധതിയിലൂടെ സ്ഥാപിച്ച 500 എൽ ഇ ഡി ലൈറ്റുകളിൽ (കെഎസ്ഇബി പെരുങ്ങോട്ടുകുറിശ്ശി ഡിവിഷനിലെ 457 ലൈറ്റുകളും കെഎസ്ഇബി കുത്തനൂർ ഡിവിഷനിലെ 43 ലൈറ്റുകളും) ആനവൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ലക്ഷ്യമാക്കി പദ്ധതി ആസൂത്രണം ചെയ്യുകയും തുടർന്ന് യഥാക്രമം 83000 രൂപ, 14940 രൂപ രണ്ട് ഡിവിഷനുകളിലായി ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ കെഎസ്ഇബിയുമായുള്ള കരാറിൽ ഒപ്പുവെക്കാതെയാണ് മേൽ തുകകൾ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുള്ളത്. കേടായ ഓരോ എൽ ഇ ഡിയും മാറ്റി സ്ഥാപിക്കുന്നതിന് ലേബർ ചാർജ്ജായി 166 രൂപ + 18% GST എന്ന നിരക്കിൽ ഒരു ലാമ്പിനു ആകെ 196 രൂപയുടെ ചെലവ് വരുന്നു. തുകകൾ ഡെപ്പോസിറ്റ് ചെയ്ത് സാമ്പത്തിക വർഷം അവസാനിച്ചിട്ടും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല.

സർക്കാരിന്റെ 26.10.2022 ലെ ഇ.ഡബ്ല്യു.ബി 1/101/2020/ തസ്വഭവ നമ്പർ സർക്കുലറിലെ നിലാവ് പദ്ധതി പ്രകാരം എൽ ഇഡി ലൈറ്റുകൾ സ്ഥാപിച്ച്, 7 വർഷ വാറണ്ടി കാലയളവിനുള്ളിൽ കേടാകുന്ന ലൈറ്റുകൾ നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബിയുടെ ബഫർ സ്റ്റോക്കിൽ നിന്നും അനുവദിക്കുന്നതാണെന്നും ആയതിന്റെ പരിപാലനം കെ.എസ്.ഇ.ബി സ്വമേധയായോ / മറ്റു സർവീസ് കരാറുകാർ മുഖേനയോ നടപ്പിലാക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം എഎംസി യിലൂടെ അറ്റകുറ്റപ്പണികൾ നടത്താൻ കെ.എസ്.ഇബിയെ ഏൽപ്പിക്കുകയും തുക

ഡെപ്പോസിറ്റ് ചെയ്യുകയുമുണ്ടായി . എന്നാൽ കെ.എസ്.ഇ.ബി അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുകയില്ലെന്ന് അറിയിക്കുകയും, തുടർന്ന് രണ്ട് ഡിവിഷനുകളിൽ നിന്നും ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചു. ടി തുകകൾ കെ.എസ്.ഇ.ബിയിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

തുടർ നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ 16/17.11.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കുത്തനൂർ ഡിവിഷനിൽ നിന്നും 14940 രൂപ 7/2023 ൽ സെക്രട്ടറിയുടെ ബാങ്ക് അക്കൌണ്ടിൽ ലഭ്യമാക്കിയിട്ടുള്ളത് ബാങ്ക് പാസ് ബുക്ക് സഹിതം സമർപ്പിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. പെരിങ്ങോട്ടുകുറിശ്ശി ഡിവിഷനിലെ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചു

ഓഡിറ്റ് നിർദേശങ്ങൾ

പദ്ധതികൾ നിർവഹിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഒപ്പുവച്ചതിനുശേഷമെ തുകകൾ ഡെപ്പോസിറ്റ് ചെയ്യാവു എന്ന സർക്കാർ നിർദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

പെരിങ്ങോട്ടുകുറിശ്ശി ഡിവിഷനിൽ നിന്നും 83000 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരണം മോണിട്ടർ ചെയ്യുന്നതിന് പഞ്ചായത്ത് തല സംവിധാനം ഫലപ്രദമാക്കേണ്ടതാണ്.

**1-20 എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രൊജക്ട് നം. | 170/23, ABC പ്രോഗ്രാം -തുക കൈമാറൽ |
| അടങ്കൽ | ₹ 300000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹300000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം./ തീയതി | 6/22-23/09.01.23 |

എ.ബി.സി പ്രോഗ്രാമിനായി 300000രൂ ജില്ലാ പഞ്ചായത്തിന് (അക്കൗണ്ട് നം. 799011400002200) കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കൈമാറിയ വിഹിതം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് രേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/15.11.23) പ്രൊജക്ട് നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരണത്തിനു ശേഷം രേഖകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-21 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 79/23, വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - എസ് സി |
| അടങ്കൽ | ₹250000-വികസന ഫണ്ട് എസ് സി പി |
| ചെലവ് | ₹ 247900 |
| ബിൽ നം./ തീയതി | 08/22-23/24.03.23 |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് പെരുങ്ങോട്ടുകുറിശ്ശി |

ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽപ്പെട്ട 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകി പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ഫർണിച്ചർ വാങ്ങുന്നതിനായി 27.01.23 (കത്ത് നം. 01/HM/2023) ടെണ്ടർ പരസ്യം നൽകുകയും അരുൺ ഇൻഡസ്ട്രീസ്, കണ്ണമ്പ്ര -യുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം. 86/20.03.23 പ്രകാരം 67 സ്റ്റീൽ മേശകളും കസേരകളും ഒരു മേശയ്ക്ക് 2700 രൂപ നിരക്കിലും ഒരു

കസേരയ്ക്ക് 1000രൂപ നിരക്കിലും വാങ്ങിയിരിക്കുന്നു. (പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 3/15.02.23)

ചെലവുരേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1. സ ഉ (പി) നം. 7/2019 എസ് പി ഡി തീയതി 26.04.2019 പ്രകാരം 25000രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. ഏതെങ്കിലും ഇനം Gem-ൽ ലഭ്യമല്ലാത്തതിനാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകത ഉള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ ജെം വഴി വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടില്ല.

2.ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് 27.01.23-ാം തീയതിയിലാണ്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള തീയതി 8.02.23- 2pm-നും ടെണ്ടർ തുറക്കുന്നതിനുള്ള തീയതി 08.02.23-3pm-നും ആണ് നിശ്ചയിച്ചിരിക്കുന്നത് . പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ ഉ (പി) നം. 259/2010/ത സ്വ ഭ വ തീയതി 08.11.2010 പ്രകാരം ഓപ്പൺ ടെണ്ടറിൽ (മതിപ്പു വില ഒരു ലക്ഷത്തിനു മുകളിൽ) ടെണ്ടർ ഫോറത്തിന്റെ വിൽപ്പനയ്ക്കും സമർപ്പണത്തിനുമായി പരസ്യതീയതി മുതൽ 21 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്.

3) GHS ബെമ്മണ്ണൂർ, GHSS പെരുങ്ങോട്ടുകുറിശ്ശി എന്നീ സ്കൂളുകളിലെ 133 വിദ്യാർത്ഥികളുടെ ലിസ്റ്റാണ് ചെലവുരേഖകളോടൊപ്പമുള്ളത്. സ്കൂളുകളിൽ നിന്നും ലഭ്യമായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

4) ഫർണിച്ചറുകളുടെ വിതരണ വിവരം പരിശോധിച്ചതിൽ ആകെ 56 മേശകളും കസേരകളുമാണ് വിതരണം ചെയ്തിരിക്കുന്നത്. 67 എണ്ണം വാങ്ങിയതിൽ 11 എണ്ണം വിതരണം ചെയ്തിട്ടില്ല.

വിഷയം പരാമർശിച്ച് 18/17.11.23 നം. ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വാങ്ങൽ നടപടികളിൽ ജെം മുഖേനയുള്ള വാങ്ങൽ പരിശോധിക്കേണ്ടതും ആവശ്യമായവ ലഭ്യമല്ലാത്തപക്ഷം പ്രൊക്യുർമെന്റ് മാനുവൽ, സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവ പാലിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്.

2. ടെണ്ടർ നടപടികൾ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് നടത്തേണ്ടതാണ്.

3. സ്ക്കൂളുകളിൽ നിന്നും ലഭ്യമായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. ആകെ 133 വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായിട്ടും 56 പേർക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. ആവശ്യകത ഉറപ്പുവരുത്തി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4. പ്രൊജക്ടിനായി വാങ്ങി നാളിതുവരെ വിതരണം ചെയ്യാതെ ശേഷിക്കുന്ന 11 മേശകളുടെയും കസേരകളുടെയും (3700 രൂപ നിരക്കിൽ) വിലയായ 40700രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 എസ് എസ് കെ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

1)

| | |
|---|---|
| പ്രൊജക്ട് | 72/23, എസ് എസ് എ വിഹിതം |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് പെരുങ്ങോട്ടുകുറിശ്ശി |
| അടങ്കൽ | ₹477116-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹477116 |
| ബിൽ നം./ തീയതി | 01/22-23/26.11.22 |

2)

| | |
|---|---|
| പ്രൊജക്ട് | 171/23, എസ് എസ് എ വിഹിതം എസ് സി |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് പെരുങ്ങോട്ടുകുറിശ്ശി |
| അടങ്കൽ | ₹318078-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹ 318078 |

| | |
|---|---|
| ബിൽ നം./ തീയതി | 06/22-23/16.02.23 |

മേൽപ്പറഞ്ഞ പ്രൊജക്കുകൾ പ്രകാരം സമഗ്ര ശിക്ഷാ കേരളത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ 795194രൂപ ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ ,സമഗ്ര ശിക്ഷാ കേരളത്തിനു (CNRB 0000745-0745101056023) നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം84/2022/LSGD, 19.04.2022 പ്രകാരം പുറപ്പെടുവിച്ച പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 പ്രകാരം വിനിയോഗ സാക്ഷ്യപത്രത്തിനു പുറമേ ഓരോ സ്ക്കൂളിലും നടത്തുന്ന പരിപാടികൾ/ പ്രവർത്തനങ്ങൾ എന്നീ വിവരങ്ങൾ കൂടി തദ്ദേശഭരണ സ്ഥാപനത്തെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കൈമാറിയ തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ക്കൂളുകളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/17.11.23) മറുപടി ലഭ്യമാക്കിയില്ല. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, സ്ക്കൂളുകളിൽ ഇതിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-23 ഭിന്നശേഷി സ്ക്കോളർഷിപ്പ് - അർഹതപ്പെട്ട തുക ഉറപ്പുവരുത്തേണ്ടതാണ്</u>

| | |
|---|---|
| പ്രൊജക്ട് | 20/23, ശാരീരിക മാനസിക വെല്ലുവിളി |

| | |
|---|---|
| | നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1200000 (600000-വികസന ഫണ്ട് ജനറൽ, 250000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 350000-ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹ 584997-വികസന ഫണ്ട് ജനറൽ |
| സാംങ്ഷൻ ഓർഡർ നം./തീയതി | 105/09.11.22 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

പ്രൊജക്ട് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന 31പേർക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന 15 പേർക്കുമാണ് 2022-23 വർഷത്തിൽ സ്കോളർഷിപ്പ് നൽകിയിരിക്കുന്നത് .

പതിനഞ്ചാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.05.22 ഖണ്ഡിക 7.1.6പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത,

പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്.

എന്നാൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണം താഴെചേർക്കുന്നു.

| പേര് | നൽകിയ തുക | അർഹമായ തുക | വ്യത്യാസം |
|---|---|---|---|
| അമിത കെ എം | 16625 | 28500 | 11875 |
| അനീഷ് ജി | 16625 | 28500 | 11875 |
| അപർണ്ണ പി എസ് | 16625 | 28500 | 11875 |

കൂടാതെ സ.ഉ (സാധാ) നം. 181/2020/ത.സ്വ.ഭ.വ23.01.20 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധനസഹായങ്ങളുടെ ഗുണഭോക്താക്കളിൽ മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ എന്നതിൽ സെറിബ്രൽ പാൾസി വിഭാഗത്തിലുൾപ്പെടുന്നവരെ കൂടെ പ്രത്യേകമായി ചേർത്ത് ഉത്തരാവായിട്ടുള്ളതാണ്. ആയതിലുൾപ്പെടുത്തി ഈ വിഭാഗത്തിലുള്ളവർക്ക് അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 21/18.11.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം നല്കത്തക്കവിധം ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കേണ്ടതും

ഗുണഭോക്താക്കൾക്ക് പരമാവധി ധനസഹായം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 അമൃതം ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ചെയ്തില്ല

അങ്കണവാടി പോഷകാഹാരം പ്രൊജക്ടിന്റെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയിരിക്കുന്നത് അമൃത കുടുംബശ്രീ യൂണിറ്റ് കുത്തനൂർ- ൽ നിന്നുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 25/23- അങ്കണവാടി പോഷകാഹാരം(ജനറൽ) | 2369990- (1369990-വികസനഫണ്ട്-പൊതുവിഭാഗം,1000000-കേന്ദ്രാവിഷ്കൃത ഫണ്ട്) | 1782504 (1199853-വികസന ഫണ്ട് ജനറൽ, 582651-കേന്ദ്രാവിഷ്കൃത ഫണ്ട് |
| 56/23- അങ്കണവാടി പോഷകാഹാരം | 724905 (7394-വികസനഫണ്ട്-പൊതുവിഭാഗം,717511-കേന്ദ്രാവിഷ്കൃത ഫണ്ട്) | 724905 (7394-വികസനഫണ്ട്-പൊതുവിഭാഗം,717511-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 26/23- അങ്കണവാടി പോഷകാഹാരം (എസ് സി പി) | 612683-വികസനഫണ്ട്-എസ് സി പി | 612683-വികസനഫണ്ട്-എസ് സി പി |

ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ താഴെ പറയും പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 758/06.12.21 | 58380 |
| 2 | 759/06.12.21 | 24780 |
| 4 | 765/07.01.22 | 24780 |
| 5 | 764/07.01.22 | 57540 |
| 6 | 838/06.10.22 | 59010 |
| | 837/06.10.22 | 20790 |
| 7 | 833/19.09.22 | 59010 |
| | 856/10.11.22 | 57330 |
| 8 | 869/06.01.23 | 59850 |
| 9 | 879/13.02.23 | 57120 |
| 10 | 752/12.11.21 | 83160 |
| 11 | 782/07.03.22 | 60060 |
| 12 | 781/07.03.22 | 24990 |
| 13 | 794/14.06.22 | 86520 |
| 14 | 813/21.07.22 | 81270 |
| 15 | 823/12.08.22 | 20160 |
| 16 | 824/12.08.22 | 60900 |
| 17 | 832/19.09.22 | 20790 |
| 18 | 857/10.11.22 | 21000 |
| 19 | 858/02.12.22 | 21000 |

| | | |
|---|---|---|
| 20 | 878/13.02.23 | 21000 |
| 21 | 868/06.01.23 | 21210 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നൽകിയതിന് 22/18.11.23 മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ തുടർനടപടി സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖ – സ.ഉ.(സാധാ)നം. 553/2019ത.സ്വ.ഭ.വ തീയതി 07.03.19 ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ അതാത് ടീം ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും ഖണ്ഡിക 2.6.4 പ്രകാരം രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ്, മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി

രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ എഫ് എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം 28/21.11.23 മുഖേന വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് നിലവിൽ ഹോംകെയർ റിപ്പോർട്ട് വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. പാലിയേറ്റീവ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പരിപാലന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## <u>1-26 മാലിന്യസംസ്കരണ ഉപാധികൾ ലഭ്യമാക്കി വിതരണം നടത്തിയിട്ടില്ല</u>

| | |
|---|---|
| പ്രൊജക്ട് | 7/23, മാലിന്യസംസ്കരണ ഉപാധികളുടെ വിതരണം-ബയോ കമ്പോസ്റ്റർ ബിൻ |
| അടങ്കൽ | ₹481680 (432000-ധനകാര്യ കമ്മീഷന്റ് ഗ്രാന്റ്, 1512-തനത് ഫണ്ട്, 48168- |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹432000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| സാങ്ഷൻ ഓർഡർ നം./ തീയതി | 295/22.03.23 |

മാലിന്യ സംസ്കരണത്തിനായി ബയോകമ്പോസ്റ്റർ ബിൻ ഐ ആർ ടി സി മുഖേന വാങ്ങി 90% സബ്സിഡിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഐ ആർ ടി സി -യുടെ പ്രൊഫോമ ഇൻവോയ്സ് 041/22.03.23 പ്രകാരം ഒരെണ്ണത്തിന് 1900രൂപ നിരക്കിൽ 253 ബിന്നിന് ആകെ 480700രൂപയാണ്. പ്രൊജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 432000രൂപ ഐ ആർ ടി സി-യ്ക്ക് മുൻകൂറായി നൽകിയിരിക്കുന്നു.

ഐ ആർ ടി സി-യുമായി 20.03.23-ന് ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരം മൊത്തം അടങ്കൽ തുക അഞ്ചു ഗഡുക്കളായും 20% തുക അഡ്വാൻസ് ആയും നൽകാവുന്നതാണ്. ആയത് പൂർണ്ണമായും വിനിയോഗിച്ച സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് അടുത്ത ഗഡുക്കൾ നൽകേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്നതിന് മുഴുവൻ തുകയും കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്നുമാസത്തെ സമയപരിധി ഐ ആർ ടി സി യ്ക്ക് അനുവദിക്കുന്നതാണ്.

ബയോബിൻ വിതരണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

2. കരാറുടമ്പടി പ്രകാരം 20% തുകയാണ് ഐ ആർ ടി സി-യ്ക്ക് മുൻകൂറായി നൽകാവുന്നത്. എന്നാൽ ആകെ തുകയുടെ ഏകദേശം 90% തുകയും മുൻകൂറായി നൽകിയിരിക്കുന്നു.

3. കൈമാറിയ തുകയ്ക്ക് ആനുപാതികമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. കൈമാറിയ തുകയ്ക്കുള്ള ബയോബിന്നുകൾ ലഭ്യമായതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് നടത്താതെ 5% ജി.എസ്.ടി ഉൾപ്പെടെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

മേൽപ്പരാമർശിച്ച രേഖകൾ, ടി ഡി എസ് നടത്താതിരുന്നതിനുള്ള കാരണം എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (11/16.11.23) നൽകിയതിന് ആകെ 253 പേരുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ആവശ്യപ്പെട്ടതിന് 229 പേരുടെ ലിസ്റ്റാണ് ലഭ്യമായതെന്നും ബയോബിൻ ഉടനെ ഇറക്കി നൽകുന്നതിനാണ് 90% തുകയും മുൻകൂറായി നൽകിയതെന്നും അറിയിച്ചു. കൂടാതെ ബയോബിൻ

ഇറക്കിയെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് മുഴുവൻ നൽകുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണെന്നും ബാക്കി നൽകാനുള്ള തുകയിൽനിന്നും ജി എസ് ടി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്നും വിലയുടെ 10% തുക വിഹിതമായി ഈടാക്കിയതിനുശേഷമാണ് പദ്ധതിവിഹിതം ഐ ആർ ടി സി -യ്ക്ക് കൈമാറേണ്ടത്. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കി ആവശ്യകതയ്ക്കനുസരിച്ച് ബിന്നുകളുടെ എണ്ണം തീരുമാനിക്കാതെയാണ് 253 ബിന്നുകൾക്കായി പ്രൊജക്ട് പ്രകാരം തുക കൈമാറിയത്. ബിന്നുകൾ ലഭ്യമായി എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചുവെങ്കിലും കൈമാറിയ തുകയ്ക്കുള്ള ബിന്നുകൾ ലഭ്യമായതിന്റെ രേഖകൾ, നിലവിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നുണ്ടെങ്കിൽ അതിന്റെ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ബിൻ കൈപ്പറ്റി അംഗീകൃത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതുവരെ 1900രൂപ പ്രകാരം 253 ബയോബിന്നുകൾക്കായി നൽകിയ 432000രൂ തടസ്സത്തിൽവെക്കുന്നു.

ആവശ്യപ്പെട്ട രേഖകൾ സഹിതം തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-27 പി എം എ വൈ- വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 81/23, പി എം എ വൈ ആവാസ് പ്ലസ് |

| | |
|---|---|
| | ഗ്രാമപഞ്ചായത്ത് വിഹിതം - എസ് സി-2022-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 135000-വികസനഫണ്ട്-എസ് സി പി |
| ചെലവ് | 135000 |
| ബിൽ നം./ തീയതി | 2/22-23/26.10.22 |

| | |
|---|---|
| പ്രൊജക്ട് | 81/23, പി എം എ വൈ ആവാസ് പ്ലസ് ഗ്രാമപഞ്ചായത്ത് വിഹിതം - എസ് സി-2022-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 225000-വികസനഫണ്ട്-എസ് സി പി |
| ചെലവ് | 225000 |
| ബിൽ നം./ തീയതി | 6/22-23/27.12.22 |

പ്രൊജക്ടുകൾ പ്രകാരം പി എം എ വൈ ഭവനപദ്ധതിയ്ക്കായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകകളുടെ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (25/20.11.23) മറുപടി ലഭ്യമാക്കിയില്ല. ഭവനപദ്ധതിയ്ക്കായി തുക വിനിയോഗിച്ചതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-28 പരുത്തിപ്പുളളി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - 2019-20 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെയായും പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 15.11.19 ൽ കരാറിലേർപ്പെട്ട മേൽ പദ്ധതി നാളിതുവരെയായി പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഇതേവരെയുളള ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം | അടങ്കൽ / ഫണ്ട് | ചെലവ് |
|---|---|---|---|
| 2016-17 | 176/17<br>196/17-ഒന്നാം ഘട്ടം | 18150000 - KLGSDP | 16789219 |
| 2018-19 | 75/19<br>109/19-രണ്ടാം ഘട്ടം | 5000000-<br>CFC-4000000 + തനത് ഫണ്ട്-1000000 | 3881400 |
| 2019-20 | 180/20-മൂന്നാം | 4618000 | 3720038 |

| | | | |
|---|---|---|---|
| | ഘട്ടം | CFC- 3853296 + തനത് ഫണ്ട്-764704 | |
| 2022-23 | 1/23- നാലാം ഘട്ടം | 7500000<br>CFC- 2300000 + തനത് ഫണ്ട്-4032316 + വികസന ഫണ്ട്(ജനറൽ) -1167684 | 3014460 |
| | | 35268000 | 27405117 |

മേൽ കെട്ടിടത്തിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ താഴെ പറയും പ്രകാരം വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം നം-20/18.11.23)

ഒന്നാം ഘട്ടം - KLGSDP ഫണ്ട് വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ട്രക്ച്ചറൽ വർക്കും, ബ്രിക്ക് വർക്കും, പ്ലാസ്റ്ററിങ്ങും പൂർത്തീകരിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി 2092500/-രൂപ തൃശൂർ PWD Electrical Wing ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. (ട്രഷറി അക്കൗണ്ട് നം-17093). എന്നാൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടന്നിട്ടില്ല.

രണ്ട്, മൂന്ന് ഘട്ടങ്ങൾ- നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി കെട്ടിടത്തിന്റെ താഴത്തെ നിലയിലും, ഒന്നാം നിലയിലുമായി വിവിധ നിർമ്മാണ പ്രവൃത്തികൾ,

പ്ലാസ്റ്ററിങ്ങ്,വാട്ടർ പ്രൂഫിങ്ങ്, കിച്ചൺ പാർട്ടീഷൻ, ടോയ് ലെറ്റ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച പ്രവൃത്തി 2022-23 വർഷം വരെയും സ്പിൽ ഓവറായി തുടർന്നിട്ടുണ്ട്.

നാലാം ഘട്ടം-പഞ്ചായത്ത് ഭരണസമിതി തീരുമാനം 1/8-20.05.22 പ്രകാരം പ്രവൃത്തി നോൺ പി.എം.സിയായ തിരുവനന്തപുരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിച്ചു. (കരാർ - 32(A)/22-23/10.01.23). ടി പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം കെട്ടിടത്തിനു വേണ്ട അഗ്നി സുരക്ഷാ മാർഗ്ഗങ്ങൾ ഒരുക്കുന്നതിന് Underground Sump, മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് , Elevation ഭംഗിയാക്കുന്നതിനുള്ള Vertical Drop, ബാൽക്കണിയിൽ പർഗോള, ശുദ്ധജല സംഭരണത്തിനായുള്ള വാട്ടർ ടാങ്ക് എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അഗ്നി സുരക്ഷ, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ നടന്നുവരുന്നു.

പദ്ധതി പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്ത് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി തൃശൂർ PWD Electrical Wing ലേക്ക് 2092500/-രൂപ നിക്ഷേപിച്ചതനുസരിച്ച് ഇലക്ട്രിഫിക്കേഷൻ വർക്കുകളും പൂർത്തീകരിക്കേണ്ടതാണ്. കെട്ടിടം പ്രയോജനപ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ആസ്തികൾ പദ്ധതികളിൽ വിഭാവനം ചെയ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരമുള്ള കെട്ടിടങ്ങളുടെ നിലവിലെ വിനിയോഗം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-19/18.11.23) മറുപടി സമർപ്പിച്ചിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 129/23 | വനിതാ വിപണന കേന്ദ്രം | 700000- വികസന ഫണ്ട്- എസ്.സി.പി | 538210 |
| 3 | 133/23 | വൃദ്ധ സദനം കെട്ടിട നിർമ്മാണം | 400000- വികസന ഫണ്ട്- ജനറൽ | 365460 |

മേൽ പ്രകാരമുള്ള ആസ്തികൾ അതാത് പദ്ധതികളിൽ വിഭാവനം ചെയ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
| --- | --- | --- |
| | | |

| | | |
|---|---|---|
| 2022-23 | 13.11.2023 മുതൽ 21.11.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ ഫണ്ടുകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കുഴൽമന്ദം | 2022-23 | 1160000 | 85/23-സ്ഥിരം കൃഷി | 1160000 | 0 |
| | 2022-23 | 420000 | 60/23- ലൈഫ് ഭവനം-എസ്.സി | 420000 | 0 |
| | 2022-23 | 360000 | 61/23- ലൈഫ് ഭവനം-ജനറൽ | 360000 | |
| | 2022-23 | 120000 | 194/23- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 120000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | - | 27283 | വിവരങ്ങൾ ലഭ്യമല്ല | 0 | 27283 |
| ജില്ലാ പഞ്ചായത്ത് പാലക്കാട് | 2022-23 | 100000 | 86/23-സ്ഥിരം കൃഷി | 100000 | 0 |
| | 2022-23 | 1856580 | 85/23-സ്ഥിരം കൃഷി | 1856580 | 0 |
| | 2022-23 | 200000 | 124/23- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |

സംയുക്ത പ്രൊജക്റ്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ചെലവഴിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

തൻവർഷം താഴെ കൊടുത്തിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി പെരിങ്ങോട്ടുക്കുറിശ്ശി ഡിവിഷൻ | 157/23 വൈദ്യുത പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ | 93841-345/28.03.23 28579-346/28.03.23 | 122420 | 0 | 122420 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - KURDFC വായ്പ | LF 511/2018 | - | 10787438 | *1588629 | 0 | 9198809 |

*വായ്പാ തിരിച്ചടവ് – സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10920/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.(തൊഴിൽ രഹിത വേതനം തിരിച്ചടവ് - 15x720 + 1x120)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2020- 21 | 1-34(1) | 720 | മുകുന്ദൻ, തേക്കിൻകാട് | 1220100942/ 13.07.22 |
| | | 720 | ജ്യോതി | 1220100950/ 13.07.22 |
| | | 720 | ഷീബമോൾ, വലിയപറമ്പ് | 1220100953/ 13.07.22 |
| | | 120 | ഷീബ | 1220100954/ 13.07.22 |
| | | 720 | ബിന്ദു, മരുതോണി | 1220100955/ 13.07.22 |
| | | 720 | അരുണാദേവി | 1220100956/ 13.07.22 |
| 2020-21 | | 720 | സരസ്വതി, കാവുതിയാംപറമ്പ് | 1220100957/ 13.07.22 |
| | | 720 | പ്രിയ രമേഷ്, കാവുങ്കൽ | 1220100958/ 13.07.22 |
| | | 720 | സജിത.വി, കുന്നത്ത്പറമ്പ് | 1220100959/ 13.07.22 |

| | | | | |
|---|---|---|---|---|
| | | 720 | ഷീജ, വലിയപറമ്പ് | 1220100960/ 13.07.22 |
| | | 720 | രേഖ, തോട്ടക്കര | 1220100989/ 19.07.22 |
| | | 720 | അനിത, തോട്ടക്കര | 1220100990/ 19.07.22 |
| | | 720 | ലിജിത, കൊട്ടേക്കാട്ടപറമ്പ് | 1220101064/ 26.07.22 |
| | | 720 | സലീന | 1220101094/ 2.08.22 |
| | | 720 | കീർത്തി | 1220101131/ 10.08.22 |
| | | 720 | രജനി | 1220101150/ 12.08.22 |
| | | ആകെ | 10920/- | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് -തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയൊന്നും തന്നെയില്ല.

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 47220022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30382863 |
| നീക്കിയിരിപ്പ് | 16837159 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 473430 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 1-15 | 730 | ഡോ. ഹജീഷ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-21 | 40700 | ശ്രീമതി പ്രവീണ, ഹെഡ്മിസ്ട്രസ്സ് , ജി.എൽ.പി.എസ്, പെരിങ്ങോട്ടുകുറിശ്ശി |
| 1-26 | 432000 | ശ്രീ ശിവദാസൻ, വി.ഇ.ഒ-1 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രവീണ, ഹെഡ്മിസ്ട്രസ്സ് , ജി.എൽ.പി.എസ്, പെരുങ്ങോട്ടുകുർശ്ശി | ഹെഡ്മിസ്ട്രസ്സ് , ജി.എൽ.പി.എസ്, പെരിങ്ങോട്ടുകുറിശ്ശി | വിശാഖം, വിജയനഗർ, തണ്ണീർപന്തൽ, കിണാശ്ശേരി പി.ഒ പാലക്കാട്-678701 |
| | | |

| | | |
|---|---|---|
| ശ്രീ ശിവദാസൻ,<br>വി.ഇ.ഒ-1 | വി.ഇ.ഒ-1,<br>പെരിങ്ങോട്ടുകുറിശ്ശി<br>ഗ്രാമപഞ്ചായത്ത് | കോഴിയോട്ടിൽ<br>തൊടിക,<br>കണ്ണനൂർ,<br>കുഴൽമന്ദം,<br>പാലക്കാട്-678702 |
| ഡോ. ഹജീഷ്<br>മെഡിക്കൽ<br>ഓഫീസർ,<br>ആയുർവ്വേദം | മെഡിക്കൽ<br>ഓഫീസർ,<br>ആയുർവ്വേദം<br>പെരിങ്ങോട്ടുകുറിശ്ശി<br>ഗ്രാമപഞ്ചായത്ത് | ചാണത്ത്<br>ഹൗസ്,<br>പള്ളിക്കൽ<br>പി.ഒ<br>മലപ്പുറം -673634 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ-പി.കെ.ഡി 1572/2022(1) 22.11.22 | 2 |
| 1997-98 | കെ.എസ്.എ-പി.കെ.ഡി 1572/2022(2) 22.01.22 | 9 |
| 1998-99 | കെ.എസ്.എ-പി.കെ.ഡി 1671/2022/ 22.11.22-ഓഡിറ്റ് അദാലത്ത് | 15 |
| 1999-2000 | എൽ.എഫ്.പി 15/210/09/04.05.2009-ഓഡിറ്റ് അദാലത്ത് | 12 |
| 2000-01 | കെ.എസ്.എ-പി.കെ.ഡി 1-950/2022(2)/ 22.11.22-ഓഡിറ്റ് അദാലത്ത് | 4 |
| 2001-02 | എൽ.എഫ്.പി -15-1002/2006/24.06.2008 | 12 |
| 2002-03 | എൽ.എഫ്.പി -15/1663/2011/18.10.2011 | 3 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി -15/1642/2008/04.06.2010 | 6 |
| 2004-05 | എൽ.എഫ്.പി -15-1665/2011/18.10.2010 | 4 |
| 2005-06 | എൽ.എഫ്.പി -15-205/2011/05.03.2011 | 2 |
| 2006-07 | എൽ.എഫ്.പി -15-1645/2008/04.06.2010 | 2 |
| 2007-08 | എൽ.എഫ്.പി -സ്പെ.സെൽ/ സി.എസ്.സി/ ഡി3/2013/25.05.2014 | 2 |
| 2008-09 | എൽ.എഫ്.പി -15/560/2013/23.10.2013 | 2 |
| 2009-10 | എൽ.എഫ്.പി -15/952/2010/31.08.2010 | 2 |
| 2010-11 | എൽ.എഫ്.പി -15/357/2014/05.07.2014 | 5 |
| 2011-12 | എൽ.എഫ്.പി -15/357/2014/05.07.2014 | 3 |
| 2012-13 | കെ.എസ്.എ/ പി.കെ.ഡി-15/809/2017/7.12.2017 | 2 |
| 2013-14 & 2014-15 | കെ.എസ്.എ/ പി.കെ.ഡി-15/1135/2017/19.01.2018 | 7 |
| 2015-16 | കെ.എസ്.എ/ പി.കെ.ഡി-15/212/2016/9.05.2017 | 7 |
| 2016-17 | കെ.എസ്.എ/ പി.കെ.ഡി-15/1963/2017/7.03.18 | 15 |
| 2017-18 | കെ.എസ്.എ/ പി.കെ.ഡി-15/2422/2018/13.02.2019 | 18 |
| 2018-19 | കെ.എസ്.എ/ പി.കെ.ഡി-15/814/2020/27.05.2020 | 21 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/<br>പി.കെ.ഡി-11/412/19.2.2022 | 12 |
| 2020-21 | KSA-PKD-15/439/2022/01/04/2022 | 45 |
| 2021-22 | KSA-PKD-15/428/2023/17/04/2023 | 15 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 25-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Peringottukurissi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Peringottukurissi Grama Panchayat for the year 2022-2023

**Date: 22/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Peringottukurissi Grama Panchayat for the Year 2022-2023.

### 1.Major Observations

Nil

### 2.Other Observations

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.
3. The closing balance of CFC grant do not reflect in B-4 schedule of Balance sheet. The expenditure as per

expenditure statement and Appropriation control register do not reflect in I&E schedule.
4.MGNREGS -Advance adjustments as per Cheque issue register not in accordance with the Balance sheet of Annual Financial statement.
5. Expenditure outstanding with respect to Deposit work not included in B-18 schedule (Loans, Advances &Deposits) of Balance sheet.
6.Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance sheet could not be ascertained.
7. Depreciation not provided for all assets.
8. The value of Capital work in progress is zero as per Balance sheet schedule, despite having part bills paid during the year.
9.Details of balance of Joint venture projects as per B-4 schedule of Balance sheet not available.
10. Lapse in making timely demand entries in respect of taxes.
11. Prior period expenditure- Mismatching of values with respect to various heads in RP & I&E schedules
12. Misclassification of receipt voucher viz. Profession tax, Interest
13.Bank amount does not match with Reconcilation statement
14.Rent amount as per Receipt and Payment schedule does not match with the Register
15.Doubling of amount shown in RP -35 ( other liabilities)
16.Deposit receipt (Contractors retention,Suppliers EMD) as per AFS not in accordance with the Deposit register

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-3**
**Annual Financial statements**

| Peringottukurissi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3562198.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 567564.00 |
| 140000000 | Fee & User Charges | I-4 | 590134.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5 | 113620.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 132157928.00 |
| 170000000 | Income from Investments | I-7 | 70210.00 |
| 171000000 | Interest Earned | I-8 | 263643.00 |
| 180000000 | Other Income | I-9 | 18831.00 |
| 190000000 | Prior Period Income | I-19 | 295.00 |
| | Total Income | | 137344128.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11282758.00 |
| 220000000 | Administrative Expenses | I-11 | 1146470.00 |
| 230000000 | Operations & Maintenance | I-12 | 1667000.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 10587.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10158298.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23990745.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5977760.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(C) | 22835841.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 45727583.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 531405.00 |
| 260000000 | Grants, Contributions & Compensation from Own | I-15 | 0.0 |

| | | | |
|---|---|---|---|
| | Fund / Subsidies | | |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 123328447.00 |
| | Gross Surplus / Deficit of income over Expenditure | | 14015681.00 |
| | Gross Surplus / Deficit of income over Expenditure | | 13940302.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -75674.00 |
| | | | |

| | | |
|---|---|---|
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | -75379.00 |

| Peringottukurissi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13827805.00 |
| Cash | Cash | RP-40(a) | 148294.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 826079.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 497479.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 113620.00 |
| 151000000 | Receipts from Transferred Institutions | RP-6 | 952200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12552000.00 |
| 171000000 | Interest Earned | RP-9 | 263643.00 |
| 190000000 | Prior Period Income | RP-11 | 295.00 |
| 220000000 | Administrative Expenses | RP-13 | 7325.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 79850.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11521798.00 |
| 415000000 | Annual Plan - Capital Expence | RP-42 | 320885.00 |

| | | | |
|---|---|---|---|
| | (Infrastructure sector) | | |
| 420000000 | Investments | RP-43 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 5416053.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 70210.00 |
| 180000000 | Other Income | RP-10 | 7911.00 |
| 340000000 | Deposits Received | RP-33 | 142935.00 |
| 350000000 | Other Liabilities | RP-35 | 470140.00 |
| | Grand total | | 47220022.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 10595.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12516.00 |
| 414000000 | Annual plan - Capital | RP-41 | 30600.00 |

| | | | |
|---|---|---|---|
| | Expences(Service Sector) | | |
| 431000000 | Sundry Debtors (Receivables) | RP-45 | 2601647.00 |
| 460000000 | Loans, Advances and Deposits | RP-49 | 1437521.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 340000000 | Deposits Received | RP-33 | 119583.00 |
| 350000000 | Other Liabilities | RP-35 | 26170401.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16773846.00 |
| Cash | Cash | RP-40(b) | 63313.00 |
| | Grand Total | | 47220022.00 |

| Peringottukurissi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 65590939.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 308446.00 |
| 312000000 | Reserves | B-3 | 137332728.00 |
| | Total Reserve & Surplus | | 203232113.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8354101.00 |
| | Total Grants, Contributions for Specific Purposes | | 8354101.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 9198809.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 9198809.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 756282.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2432077.20 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3188359.20 |
| | TOTAL LIABILITIES | | 223973383.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 7673298.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital | B11-(c) | 3479393.00 |

| | | | |
|---|---|---|---|
| | Expences (Productive Sector) | | |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 27068403.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 195165026.00 |
| 416000000 | Accumulated Depreciation | B-11(a) | -42918640.00 |
| | Total Fixed Assets | | 190467480.00 |
| | Investments | | |
| 420000000 | Investments- General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2601647.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 9418809.00 |
| 450000000 | Cash and Bank Balance | B-17 | 16837159.00 |
| 460000000 | Loans, Advances and Deposits | B-18 | 4648288.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 33505903.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |

| | | | |
|---|---|---|---|
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 223973383.00 |

Deputy Director